അണ — കെട്ടുന്നതോ പൊട്ടുന്നതോ പ്രശ്നം?

**ആന്തരികമായ അസംബന്ധതയാലും കക്ഷികളുടെ സ്ഥാനാന്തരണത്താലും 999 കൊല്ലത്തെ കരാറിന് സ്വാഭാവികമായും കാലഹരണം സംഭവിച്ചിരിക്കുന്നു എന്നു വേണം കരുതാനെന്ന്**

**ആനന്ദ്**

# മുല്ലപ്പെരിയാർ കരാർ കാലഹരണപ്പെട്ടിരിക്കുന്നു

**ഇവിടെ** പ്രശ്നം രണ്ടാണ്. പഴക്കം ചെന്ന ഡാമിന്റെ സ്വന്തം ശക്തി, പിന്നെ ഭൂചലനമുണ്ടാക്കിയേക്കാവുന്ന ബാഹ്യമായ അപായം. പഴയ ഡാമിനെ ശക്തിപ്പെടുത്തുക, കഴിയില്ലെങ്കിൽ പുതുക്കിപ്പണിയുക, ഭൂചലന സാധ്യതയെപ്പറ്റി നിഗമനത്തിലെത്തുക എല്ലാം വിദഗ്ധന്മാർ ചെയ്യേണ്ട കാര്യങ്ങൾ. ജലസേചനം, വൈദ്യുതോത്പാദനം തുടങ്ങിയവ ആവിധം നിലനിർത്തണമോ, അതോ കുറയ്ക്കേണ്ടിവരുമോ എന്നതൊക്കെ ഈ പഠനങ്ങളെ അനുസരിച്ചിരിക്കും. അരങ്ങത്താകട്ടെ വിദഗ്ധരെ കാണാനില്ല. ഉള്ളത് രാഷ്ട്രീയ കസർത്തുകളും കോടതി കേസുകളുമാണ്. അതും ഇപ്പോൾ ചുരുങ്ങി, ചുരുങ്ങി രണ്ട് ഭാഷകൾ തമ്മിലുള്ള യുദ്ധമായി മാറിയിരിക്കുന്നു.

999 കൊല്ലം പ്രവർത്തിക്കേണ്ട ഒരു ഡാമിനെക്കുറിച്ച് ഒരു കരാർ എന്നതുതന്നെ ഒരു അസംബന്ധകഥയാണ്. ഏത് ഡാമാണ് ഇത്രയും കൊല്ലം നിലനിൽക്കുക. പുതുക്കിപണിതാൽ തന്നെ എത്രതവണ? പിന്നെ എളുപ്പം പുതുക്കി പണിയാവുന്ന ഒന്നല്ല ഡാം. ടോപ്പോഗ്രഫി അനുവദിക്കുന്ന ഇടത്തേ അത് പണിയാൻ കഴിയൂ. പണിയുന്ന സ്ഥലമനുസരിച്ചിരിക്കും സംഭരണവും മുങ്ങിപ്പോകലും നേട്ടങ്ങളും. ഇതൊക്കെ കരാറിന്റെ വ്യവസ്ഥകളെ ബാധിക്കാനും സാധ്യതയുണ്ട്. കൂടാതെ പണിതീരും വരെ പഴയതിനെ നിലനിർത്തുകയും വേണം. ഒരുപാട് സങ്കീർണ്ണതകളുള്ള പ്രശ്നത്തെക്കുറിച്ചാണ് ഇത്രയും ലാഘവത്തോടെ ആളുകൾ സംസാരിക്കുന്നത്.

നിയമപരമായി നോക്കിയാൽ കരാർ ബ്രിട്ടീഷ് സർക്കാറും ഒരു നാട്ടുരാജ്യവും തമ്മിലായിരുന്നു. രണ്ടും ഇന്നില്ല. ആദ്യത്തേതിന്റെ അനന്തരാവകാശി ഇന്ത്യാ ഗവൺമെന്റും രണ്ടാമത്തേതിന്റെ കേരള സംസ്ഥാനവുമാണ്. ഒരു സംസ്ഥാനത്ത് നിലനിൽക്കുകയും വേറൊന്നിന് ഗുണം ചെയ്യുകയും ചെയ്യുന്ന പദ്ധതി – ഒരു നദീ തടത്തിൽ നിന്നും മറ്റൊന്നിലേക്ക് ജലം തിരിച്ചുവിടുന്നത്. മാതൃകാപരമായി ഇതിന്റെ ഉടമസ്ഥതയും പ്രവർത്തനവും കേന്ദ്രസർക്കാറിൽ ആയിരിക്കേണ്ടിയിരുന്നു. അല്ലെങ്കിൽ കേന്ദ്രവും രണ്ട് സംസ്ഥാനങ്ങളും അടങ്ങുന്ന ഒരു ബോർഡിൽ. ആന്തരികമായ അസംബന്ധതയാലും കക്ഷികളുടെ സ്ഥാനാന്തരണത്താലും 999 കൊല്ലത്തെ കരാറിന് സ്വാഭാവികമായും കാലഹരണം സംഭവിച്ചിരിക്കുന്നു എന്നു വേണം കരുതാൻ.



**999 കൊല്ലം പ്രവർത്തിക്കേണ്ട ഒരു ഡാമിനെക്കുറിച്ച് ഒരു കരാർ എന്നതുതന്നെ ഒരു അസംബന്ധകഥയാണ്. ഏത് ഡാമാണ് ഇത്രയും കൊല്ലം നിലനിൽക്കുക? പുതുക്കിപണിതാൽ തന്നെ എത്രതവണ?**